പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 302

25.06.2012 - ൽ മറുപടിയ്ക്ക്

## വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ രാത്രി കാല ഡ്യൂട്ടി

| ചോദ്യം<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>,, എ. എ. അസീസ് | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളിലാണ് ഉദ്യോഗസ്ഥരുടെ പ്രവൃത്തി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തിയിട്ടുള്ളത് ; | (എ) പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരവും, മാനസിക സമ്മർദ്ദവും ലഘൂകരിച്ച് പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനും ജന സൗഹൃദ പോലീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി പരീക്ഷണാടിസ്ഥാനത്തിൽ 51 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം ഈ സർക്കാർ അധികാരമേറ്റശേഷം പോലീസ് സ്റ്റേഷനുകളിൽ പുതിയതായി നടപ്പിലാക്കിയിട്ടില്ല. എന്നാൽ 50 പോലീസ് സ്റ്റേഷനുകളിൽ കൂടി പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുന്നതാണ്. |

| | |
|---|---|
| (ബി) മുൻ സർക്കാരിന്റെ കാലത്ത് വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് രാത്രികാല ഡ്യൂട്ടി ഒഴിവാക്കി ഉത്തരവായിട്ടുള്ളത് സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇത് കർശനമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) സ്റ്റേഷനുകളിൽ വനിതകളെ സൂക്ഷിക്കേണ്ട സാഹചര്യം ഉണ്ടാവുകയോ ഒഴിച്ചുകൂടാനാകാത്ത മറ്റ് അടിയന്തിര ആവശ്യങ്ങൾ ഉണ്ടാവുകയോ ചെയ്യുന്ന സന്ദർഭങ്ങളിലൊഴികെ വനിതാ പോലീസ് ഉദ്യോഗസ്ഥരെ രാത്രി 8 മണി മുതൽ രാവിലെ 6 മണി വരെയുള്ള ഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം എല്ലാ ജില്ലകളിലും പരമാവധി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ